# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1098** — **11.02.2016 ൽ മറുപടിക്ക്**

### സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സ്കൂൾ പാചക തൊഴിലാളികളുടെ ഉന്നമനത്തിനായി മിനിമം വേജസ് അഡ്വൈസറി ബോർഡ് സമർപ്പിച്ച റിപ്പോർട്ടിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ റിപ്പോർട്ട് പൊതു വിദ്യാഭ്യാസ വകുപ്പിലോ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലോ ലഭ്യമായിട്ടില്ല. |
| (ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കുടുംബശ്രീയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ത് നേട്ടം ഉണ്ടാകും; ഇതിലൂടെ അവസരം നഷ്ടപ്പെടുന്ന സ്കൂൾ പാചക തൊഴിലാളികളെ സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട 5,6,10 സ്കൂളുകൾ ഒരു ഗ്രൂപ്പായി എടുത്തിട്ട് ഒരു പൊതു അടുക്കളയിൽ ഉച്ചഭക്ഷണം പാചകം ചെയ്തു വിതരണം നടത്തുന്നതിനുള്ള സാധ്യത കുടുംബശ്രീയും പൊതു വിദ്യാഭ്യാസ ഡയറക്ടറും കൂടി പരിശോധിച്ച് പ്രോപ്പോസൽ സമർപ്പിക്കുവാൻ 25.08.2014 തീയതിയിലെ 14735/ഡി1/2014 പൊ.വി.വ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള സ്കൂളുകളെ ഉൾപ്പെടുത്തി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള സ്കൂൾ മാപ്പിംഗ്, അടിസ്ഥാന സൗകര്യം പരിശോധിക്കുക തുടങ്ങിയവ ആരംഭിക്കുവാൻ കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടത്തിനോക്കിയതിനു ശേഷം മാത്രമേ പദ്ധതിയുടെ നേട്ടങ്ങളേയും കോട്ടങ്ങളേയും പാചക തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുന്നതിനെ സംബന്ധിച്ചുമുള്ള വിവരങ്ങൾ അറിയുവാൻ സാധിക്കുകയുള്ളൂ. |
| (സി) കേന്ദ്ര ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പാചക തൊഴിലാളികൾക്ക് കുറഞ്ഞത് പ്രതിമാസം 15000 രൂപ ലഭിക്കത്തക്കവണ്ണം വേതനം പുതുക്കി നിശ്ചയിക്കുമോ; | (സി) 11.08.2015 ലെ സ.ഉ (കൈ) നം. 217/15/പൊ.വി.വ പ്രകാരം സ്കൂൾ പാചകതൊളിലാളികളുടെ പരമാവധി വേതനം 300/- രൂപയിൽ നിന്ന് 400/- രൂപയായി വർദ്ധിപ്പിച്ച് ഇതിനോടകം ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. |
| (ഡി) സ്കൂൾ പാചക തൊഴിലാളികൾക്ക് നൽകുന്ന വേതനം ഉൾപ്പടെ എല്ലാ ഇടപാടുകളും ബാങ്ക് വഴി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) സംസ്ഥാനത്തു നിലവിൽ 13664 പാചകതൊളിലാളികൾ ജോലി ചെയ്തു വരുന്നു. അതിൽ 506 തൊഴിലാളികൾക്ക് മാത്രമേ ബാങ്ക് |

അക്കൗണ്ട് നിലവിലുള്ളൂ. അടുത്ത അധ്യയന വർഷം മുതൽ എല്ലാ പാചകതൊഴിലാളികൾക്കുമുള്ള ആനുകൂല്യം ബാങ്ക് മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**